സി.പി (3) 4196/ 2023

സഹകരണ സംഘം രജിസ്റ്റാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി: **07.08.2023**
വെബ് സൈറ്റ്-www.cooperation.kerala.gov.in:
ഇ-മെയിൽ- keralarcs.coop@kerala.gov.in
ടെലിഫോൺ 0471-2330726/2331891

# സർക്കുലർ നമ്പർ 29/2023

വിഷയം:- സഹകരണ വകുപ്പ് - ആഡിറ്റ് 2022-2023 -കുടിശ്ശികവായ്പ, കുടിശ്ശിക വായ്പാ പലിശ - കരുതൽ വയ്ക്കുന്നതിൽ ഇളവ് നൽകുന്നത് - പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- (1) സഹകരണ സംഘം രജിസ്ട്രാറുടെ 10.10.2007 ലെ 40/2007 നമ്പർ സർക്കുലർ നിർദ്ദേശം
(2) സഹകരണ സംഘം രജിസ്ട്രാറുടെ 08.05.2020 ലെ 34/2020 നമ്പർ സർക്കുലർ നിർദ്ദേശം
(3) സഹകരണ സംഘം രജിസ്ട്രാറുടെ 27.08.2021 ലെ 37/2021 നമ്പർ സർക്കുലർ നിർദ്ദേശം
(4) സഹകരണ സംഘം രജിസ്ട്രാറുടെ 12.07.2022 ലെ 32/2022 നമ്പർ സർക്കുലർ നിർദ്ദേശം
(5) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് യൂണിയന്റെ 25.07.2023 ലെ നിവേദനം

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ / ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കോവിഡ് -19 രോഗ വ്യാപനവും തുടർന്ന് സമ്പൂർണ്ണ അടച്ചിടലും കാരണം സംസ്ഥാനത്തെ ഉത്പാദന വ്യാപാര മേഖലയിൽ ഉണ്ടാക്കിയ ആഘാതത്തെ തുടർന്ന് സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടവിൽ വലിയ കുറവ് സംഭവിക്കുകയും ഇതിലൂടെ വായ്പ കുടിശ്ശികയും വായ്പകളിന്മേലുള്ള പലിശ കുടിശ്ശികയും വലിയ രീതിയിൽ വർദ്ധിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2019-20 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പരാമർശം (2), (3), (4) എന്നിവ പ്രകാരം കുടിശ്ശിക വായ്പയ്ക്കും കുടിശ്ശിക പലിശക്കും കരുതൽ വയ്ക്കുന്നതിൽ ഇളവുകൾ അനുവദിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2019-20 സാമ്പത്തിക വർഷം മുതൽ തുടർന്നു വന്ന വായ്പ തിരിച്ചടവിലെ കുറവ് ഇപ്പോഴും നിലനിൽക്കുന്നതായും പരാമർശം (1) സർക്കുലർ വ്യവസ്ഥ പ്രകാരം കരുതൽ വയ്ക്കുന്ന സാഹചര്യം ഉണ്ടായാൽ 2022-23 സാമ്പത്തിക വർഷത്തിൽ സംഘങ്ങൾ കൂടുതൽ നഷ്ടത്തിലേക്ക് പോകുമെന്നും, ആയതിനാൽ കരുതൽ വയ്ക്കുന്നതിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ ഉദാരമാക്കി 2022-23 സാമ്പത്തിക വർഷത്തിലും അനുവദിക്കണമെന്നും, പരാമർശം (1) സർക്കുലർ നിർദ്ദേശവും മറ്റ് പരാമർശ സർക്കുലറുകളും തെറ്റായി വ്യാഖ്യാനിച്ച്, ഇളവ് നൽകിയിട്ടുള്ളതിനേക്കാൾ കൂടുതൽ നിരക്കിൽ കരുതൽ വയ്ക്കുന്നതായും ആയതിനാൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും ആയത് സംസ്ഥാനം മുഴുവൻ ഒരുപോലെ നടപ്പിലാക്കണമെന്നും സഹകാരികളും സഹകരണസംഘം ജീവനക്കാരുടെ സംഘടനകളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് 2022-23 സാമ്പത്തിക വർഷം ആഡിറ്റിൽ കുടിശ്ശിക വായ്പയ്ക്കും വായ്പകളിന്മേലുള്ള കുടിശ്ശിക പലിശക്കും കരുതൽ വയ്ക്കുന്നതിന് 40/2007 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് ചുവടെ പറയും പ്രകാരം ഇളവ് അനുവദിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഒരുവർഷത്തിൽ താഴെ കാലാവധിയുള്ള വായ്പകളിൽ മേൽ വായ്പാ തവണകൾക്കും വായ്പ കുടിശ്ശികയ്ക്കും കരുതൽ വയ്ക്കേണ്ടതില്ല.

(2) ഒരു വർഷം മുതൽ മൂന്നുവർഷംവരെയുള്ള വായ്പകൾക്ക്;

(എ) ആൾ ജാമ്യത്തിൽ നൽകിയിട്ടുള്ള വായ്പകളിന്മേൽ കാലാവധി പൂർത്തിയായി കുടിശ്ശിക ആയിട്ടുള്ള വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന 10% കരുതൽ 7.5% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

(ബി) വസ്തു ജാമ്യത്തിൽമേലുള്ള കാലാവധി പൂർത്തിയാക്കിയ ഉത്തമ വായ്പകൾക്ക് കരുതൽ വയ്ക്കേണ്ടതില്ല.

(3) ആൾ ജാമ്യത്തിൽമേലുള്ള 3 വർഷം മുതൽ 6 വർഷം വരെ കാലാവധി കഴിഞ്ഞ സംശയാസ്പദമായ കുടിശ്ശിക വായ്പകൾക്ക് നിഷ്കർഷിച്ചിരിക്കുന്ന 100% കരുതൽ 80% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

(4) വായ്പകൾക്ക് ഏത് കാലാവധി നിശ്ചയിച്ചിരുന്നാലും കാലാവധി കഴിഞ്ഞ് കുടിശ്ശികയായ മുതൽ തുകയ്ക്ക് 40/2007 നമ്പർ സർക്കുലർ വ്യവസ്ഥ പ്രകാരം കരുതൽ വയ്ക്കേണ്ടതാണ്. ഇപ്രകാരം കരുതൽ വയ്ക്കുമ്പോൾ കാലാവധി പൂർത്തിയാവാത്ത വായ്പകളുടെ കുടിശ്ശിക തവണകൾക്ക് കരുതൽ വയ്ക്കേണ്ടതില്ല.

(5) കുടിശ്ശികപലിശയ്ക്ക് 100% കരുതൽ വയ്ക്കണമെന്ന് പരാമർശം (1) സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം കരുതൽ വയ്ക്കുമ്പോൾ കാലാവധി കഴിഞ്ഞ വായ്പകളുടെ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന

തുകയുടെ പലിശയ്ക്ക് 100% കരുതൽ വയ്ക്കേണ്ടതാണ്. കാലാവധിപൂർത്തിയാകാത്ത വായ്പകളുടെ കുടിശിക പലിശയ്ക്ക് കരുതൽ വയ്ക്കേണ്ടതില്ല. കൂടാതെ 2022-23 സാമ്പത്തിക വർഷത്തെ അവസാനത്തെ മൂന്നുമാസത്തെ കുടിശിക പലിശയെ കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

(6) കുടിശ്ശികയായ വായ്പകളിൽമേൽ എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വായ്പകളെ കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(7) കാർഷിക കടാശ്വാസ കമ്മീഷൻ മുതലിലും പലിശയിലും ഇളവ് നൽകിയിട്ടുള്ള വായ്പകളിൽ സർക്കാരിൽ നിന്നും ഇളവ് തുക ലഭിക്കാത്തതിനാൽ സംഘം വായ്പ കണക്ക് അവസാനിപ്പിച്ചിട്ടില്ലാത്ത വായ്പകൾക്ക് കരുതൽ വയ്ക്കേണ്ടതില്ല.

(8) സംഘം നടത്തുന്ന പ്രതിമാസ നിക്ഷേപക പദ്ധതികൾ കാലാവധി അവസാനിച്ച് മൂന്നു മാസ കാലയളവ് കഴിഞ്ഞ് കുടിശ്ശികയായ തുകയ്ക്ക് മാത്രം കരുതൽ വയ്ക്കേണ്ടതാണ്.

(9) സംഘങ്ങൾ വിവിധ സർക്കാർ പദ്ധതികളിലും സർക്കാർ/സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദത്തോടെ വിവിധ സംഘങ്ങളിലും തദ്ദേശസ്ഥാപനങ്ങൾക്കും, മറ്റ് സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള വായ്പകൾ, ഓഹരികൾ, മറ്റു നിക്ഷേപങ്ങൾ എന്നിവയ്ക്ക് കരുതൽ വയ്ക്കേണ്ടതില്ല.

(10) മേൽ പരാമർശിക്കുന്ന ഇളവുകൾ പരാമർശം (1) സർക്കുലർ പ്രകാരം പൂർണ്ണമായും കരുതൽ വയ്ക്കുന്നതു കൊണ്ട് 2022-23 സാമ്പത്തിക വർഷം നഷ്ടം കാണിക്കുന്ന സംഘങ്ങൾക്ക് മാത്രം ബാധകമാക്കേണ്ടതും മേൽ ഇളവുകൾ കൂടാതെ ലാഭം കാണിക്കുന്ന സംഘങ്ങൾക്ക് ബാധകമാക്കേണ്ടതുമില്ല.

40/2007നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരമുള്ള വ്യവസ്ഥകളും പ്രസ്തുത സർക്കുലറിന് ഈ സർക്കുലർ പ്രകാരം നൽകിയിട്ടുള്ള ഇളവുകളും, നിർദ്ദേശങ്ങളും കർശനമായി 2022-23 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ പാലിക്കപ്പെടുന്നു എന്നത് സഹകരണ ആഡിറ്റ് ഡയറക്ടറും ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാരും അസിസ്റ്റന്റ് ഡയറക്ടർമാരും ഉറപ്പുവരുത്തേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ വ്യക്തതയോ, തുടർനിർദ്ദേശങ്ങളോ ആവശ്യമായി വരുന്ന പക്ഷം സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ, വ്യഖ്യാനങ്ങൾ തുടങ്ങിയവ പുറപ്പെടുവിക്കാൻ പാടുള്ളൂ.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ

സഹകരണ സംഘങ്ങൾക്കും എല്ലാത്തരം വായ്പകൾക്കും മേൽ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

ഒപ്പ്

SUBHASH.T.V IAS
REGISTRAR OF CO-OPERATIVE SOCIETIES

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.
4. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
5. എല്ലാ സഹകരണസംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന) .
7. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
8. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന് ).
9. വെബ് സൈറ്റ്.
10. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്-1)